VOLUME 1

ISSUE 3

TUESDAY • DECEMBER 08, 2020

# The Mulamoottil Beacon

PATHANAMTHITTA • ALAPPUZHA • KOTTAYAM




## ആകാശയാത്രയിൽ പുതിയ അധ്യായം തുറക്കാൻ

# ‘എയർവേഗ’ എയർവേയ്സ്

കേരളത്തിന്റെ ആകാശയാത്രാചരിത്രത്തിൽ പുതിയ അധ്യായം തുറക്കാനൊരുങ്ങി മുളമൂട്ടിൽ ഗ്രൂപ്പിന്റെ ഏറ്റവും പുതിയ സംരംഭമായ ‘എയർവേഗ’ എയർവേയ്സ്. പൂർണമായും സ്വകാര്യ-വ്യോമയാത്ര ആവശ്യങ്ങൾക്കായി രൂപകല്പന ചെയ്യപ്പെട്ട ഈ പുത്തൻ എയർവേയ്സ് സംരംഭം സാധാരണ സംരംഭങ്ങളിൽ നിന്ന് വ്യത്യസ്തമായ ശൈലിയായിരിക്കും പിന്തുടരുക. ചെറിയ എയർക്രാഫ്റ്റുകളും ഹെലികോപ്ടറുകളുമുൾപ്പെടെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വ്യോമയാന വാഹനങ്ങൾ എയർവേഗയുടെ ഭാഗമായിരിക്കും. സ്വകാര്യ- ചാർട്ടർ വിമാനങ്ങൾ ബിസിനസ് യാത്രകൾക്കോ, വിനോദ യാത്രകൾക്കോ സൗകര്യപ്രദവും താങ്ങാനാവുന്നതുമല്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ അതിനൊരു മാറ്റം കൊണ്ടുവരുന്നതിനാണ് എയർവേഗ ശ്രമിക്കുന്നത്. കൂടാതെ ശബരിമല, തിരുപ്പതി തുടങ്ങിയ ഇന്ത്യയിലെ പ്രധാന തീർത്ഥാടനകേന്ദ്രങ്ങളിലേക്കും മറ്റും ആകാശമാർഗം യാത്ര ചെയ്യുന്നതിനുള്ള പ്രത്യേക പാക്കേജുകളും ബുക്കിംഗ് സൗകര്യവും മറ്റും എയർവേഗയുടെ പ്രത്യേകതയായിരിക്കും. പ്രളയവും മറ്റു പ്രകൃതി ദുരന്തങ്ങളും സംഭവിക്കുന്ന സാഹചര്യത്തിൽ രക്ഷാപ്രവർത്തനങ്ങളും അടിയന്തര മെഡിക്കൽ ആവശ്യങ്ങൾക്കും എയർവേഗയുടെ സേവനം ലഭ്യമായിരിക്കും. കേരളത്തിൽ തരംഗമായിക്കൊണ്ടിരിക്കുന്ന ഡ്രീം വെഡിങ് ആശയത്തിന്റെ ഭാഗമായി വിവാഹ യാത്രകൾ, ആകാശ ഫോട്ടോഷൂട്ടുകൾ, തുടങ്ങിയ സ്വകാര്യ ആവശ്യങ്ങൾക്കും എയർവേഗയുടെ സേവനം ലഭിക്കുന്നതാണ്. കൂടാതെ നിത്യജീവിതത്തിന്റെ വിവിധ മേഖലകളെ സംബന്ധിക്കുന്നതും, സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ പരിഗണിക്കുന്നതുമായ നിരവധി മേഖലകളിലേക്ക് എയർവേഗയുടെ സേവനം വ്യാപിപ്പിക്കുന്നതായിരിക്കും. ആകാശയാത്രയെപ്പറ്റി നിലനിൽക്കുന്ന സങ്കൽപ്പങ്ങളെ പൊളിച്ചെഴുതുന്ന, ഒരു ചരിത്രപരമായ അധ്യായം തന്നെയായിരിക്കും ആകാശയാത്ര ഭൂപടത്തിൽ എയർവേഗ രചിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല.

## മുളമൂട്ടിൽ ഗോൾഡിന് ക്രിസ്തുമസിന് ശുഭാരംഭം

മുളമൂട്ടിൽ ഗ്രൂപ്പിന്റെ പുതിയ സംരംഭങ്ങളിലൊന്നായ മുളമൂട്ടിൽ ഗോൾഡ് ഈ ക്രിസ്തുമസിന് പ്രവർത്തനമാരംഭിക്കുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സമ്പൂർണ്ണ സർട്ടിഫിക്കേഷനോട് കൂടിയ 99.9% പരിശുദ്ധമായ സ്വർണ്ണനാണയങ്ങളായിരിക്കും മുളമൂട്ടിൽ ഗോൾഡ് വഴി വിപണിയിലിറക്കുക. മുളമൂട്ടിൽ ഗ്രൂപ്പിന്റെ സാമ്പത്തികസേവന സംരംഭങ്ങളായ മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, മുളമൂട്ടിൽ നിധി എന്നിവയുടെ എല്ലാ ബ്രാഞ്ചുകളിലും ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന വിധത്തിലായിരിക്കും മുളമൂട്ടിൽ ഗോൾഡിന്റെ പ്രവർത്തനം ക്രമീകരിക്കുക. ഉപഭോക്താക്കളുടെ ആവശ്യാനുസരണം രണ്ട് ഗ്രാം, നാല് ഗ്രാം, എട്ട് ഗ്രാം എന്നിങ്ങനെ പല തൂക്കങ്ങളിൽ സ്വർണ്ണ നാണയങ്ങൾ ലഭ്യമാകുന്നതായിരിക്കും. സമൂഹത്തിൽ വളർച്ചയും സാമ്പത്തിക സ്വയം പര്യാപ്തതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മുളമൂട്ടിൽ ഗ്രൂപ്പ് ആരംഭിച്ച സംരംഭങ്ങളെല്ലാം ജനസമ്മതിയും സഹകരണവും സ്വന്തമാക്കിക്കൊണ്ട് മുന്നേറുന്ന സാഹര്യത്തിലാണ് ഒരു പുത്തൻ സംരംഭം കൂടി ജനങ്ങിലേക്കെത്തുന്നത്. ഒരുസുരക്ഷിത നിക്ഷേപം എന്ന നിലയിലും നിത്യജീവിതത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകരമാകുന്ന ഒരു മാർഗം എന്ന നിലയിലും മുളമൂട്ടിൽ ഗോൾഡ് ഉപഭോക്താക്കൾ ഇരുകൈകളും നീട്ടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.





# പ്രളയം



■ **വിൽസി ചെറിയാൻ** *–MEH*

മഹാപ്രളയം കേരളത്തെ ഒന്നായി മുക്കി കളഞ്ഞ വർഷമായിരുന്നു 2018. ജൂലൈ, ഓഗസ്റ്റ് തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിനെ തുടർന്നാണ്വെള്ളപ്പൊക്കം സംഭവിച്ചത്. കേരളക്കരയെ നടുക്കിയ ആ ദുരന്തം ഇതിനു മുൻപേ പഴമക്കാരുടെ വാക്കുകളിൽനിന്ന് മാത്രം കേട്ടിരുന്ന ഒന്നാണ്. ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുകയും ഒരു മലയാളി ആയതിനാൽ പ്രളയത്തെ അതിജീവിച്ചതിൽ അഭിമാനവും തോന്നുന്ന നിമിഷങ്ങൾ ആയിരുന്നു. കേരളത്തിൽ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾ പൊട്ടലും ഉണ്ടായി. 14 ലക്ഷത്തോളം ആളുകളെയാണ് സുരക്ഷിത സ്ഥാനത്തേക്ക് മാറ്റേണ്ടി വന്നത്. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതും അവയുടെ ഷട്ടറുകൾ തുറന്നതും വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിപ്പിച്ചു.

ചരിത്രത്തിലാദ്യമായാണ് കേരളത്തിൽ 50 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 1924-ലെ പ്രളയത്തിനു ശേഷം കേരളത്തിൽ ഉണ്ടായ ഏറ്റവും വലിയ പ്രളയം എന്നാണ് 2018 വെള്ളപ്പൊക്കത്തെ വിശേഷിപ്പിക്കുന്നത്. നദികൾ കരകവിഞ്ഞൊഴുകിയതോടെ റോഡ്, റെയിൽ, വ്യോമഗതാഗത മേഖലയെ പ്രതികൂലമായി ബാധിച്ചു. കാലവർഷം അതിന്റെ എല്ലാ ഭീകരതയോടെയും ആർത്തലച്ചു. റോഡുകൾ ഒലിച്ചു പോയി വീടുകൾ നിലംപൊത്തി, കുന്നുകൾ ഇടിഞ്ഞു.

രാജ്യം എഴുപത്തിരണ്ടാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ഭീതിയുടെ നിഴൽ മലയാളിയുടെ മനസ്സിൽ വന്നുതുടങ്ങിയിരുന്നു വെള്ളത്തിന്റെ രൗദ്രഭാവം ആരും പ്രതീക്ഷിച്ചിരുന്നില്ല. പേടിച്ച് ദുരിതാശ്വാസ ക്യാമ്പിലേക്ക് ഓടിയവർ, വീടിന്റെ രണ്ടാംനിലയിൽ അഭയം പ്രാപിച്ചവർ, ചത്തുപൊങ്ങിയ വളർത്തുമൃഗങ്ങൾ, ഒറ്റപ്പെട്ടു കുടുങ്ങിക്കിടക്കുന്നവരുടെ നിലവിളികൾ ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത ഓർമകൾ ആണ് പ്രളയം സമ്മാനിച്ചത്.

പ്രളയം ആഴ്ത്തിയ പ്രശ്നങ്ങൾ അനുഭവിച്ചവരിലൊരാളായിരുന്നു ഞാനും. 2018 ആഗസ്റ്റ് 15 ന് പുലർച്ചെ ഉറക്കത്തിൽ നിന്ന് ഉണരുമ്പോൾ കണ്ട കാഴ്ച ഇപ്പോഴും പേടിപ്പെടുത്തുന്നതാണ്. പ്രായമായ അമ്മ, രണ്ടു കുട്ടികൾ ഭർത്താവ് എല്ലാവരും കൂടെ എങ്ങോട്ട് പോകണമെന്നറിയാതെ പകച്ചു നിൽക്കേണ്ടി വന്ന അവസ്ഥ ഞാനോർക്കുന്നു. വീട്, വീട്ടുസാധനങ്ങൾ, വളർത്തുമൃഗങ്ങൾ ഇതൊക്കെ പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ ഉപേക്ഷിച്ചു പോകുന്നതിനെപ്പറ്റി ചിന്തിച്ചിട്ടേയില്ല. വീട്ടിൽ നിന്ന് കിട്ടിയതൊക്കെ പെറുക്കിയെടുത്ത് ബന്ധുവീട്ടിലേക്ക് മാറുമ്പോഴും ഉള്ളിൽ ഒരു ആവലാതി ആണ്. പ്രളയം അതിന്റെ എല്ലാ വാശിയും അവസാനിപ്പിച്ച് വെള്ളം ഇറങ്ങിയത് ഏഴു നാളുകൾക്ക് ശേഷം. ആ ദിവസങ്ങൾ മനുഷ്യർക്ക് ഒത്തുചേരലും കൂടിയായിരുന്നു. ജാതിമതഭേദമന്യേ ക്യാമ്പുകളിൽ ഒരുമിച്ച് ജീവിച്ചു. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസം ഇല്ലാതായി. കേരളം ഇന്നേവരെ കാണാത്ത ഐക്യത്തോടെ ഉള്ള പ്രവർത്തനം ആയിരുന്നു അത്. വെള്ളം താഴ്ന്ന വീട്ടിലെത്തുമ്പോൾ ഉള്ള കാഴ്ച അതിലും വിഷമകരം. വീടിനകത്തും പുറത്തും ചെളിയും മണ്ണും മാത്രം. വീട്ടുപകരണങ്ങൾ പകുതിയിലധികവും നശിച്ചിരുന്നു. ആദ്യം കാണുമ്പോൾ സങ്കടം ആണെങ്കിലും ഇതിനെയെല്ലാം മറികടന്നു പോകാൻ ഉള്ള ഒരു മനക്കരുത്ത് നമ്മുടെ മനസ്സിൽ തനിയെ വരും. പ്രളയദുരന്തം അനുഭവിച്ചവർക്ക് അതിന്റെ തീവ്രത എത്രത്തോളം ഉണ്ടെന്ന് മനസ്സിലാവും. പ്രളയത്തിനുശേഷം അറിഞ്ഞോ അറിയാതെയോ ഒത്തിരി പേർ സഹായിച്ചിരുന്നു. ഇന്നു ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ (മുളമൂട്ടിൽ ഐ ഹോസ്പിറ്റൽ) ആദരണീയനായ ഡോ. ആഷ് ലി മുളമൂട്ടിലും ഡോ. ലിസ് തോമസും വീട്ടിലേക്ക് വന്നു. അവരുടെ കരുതലും ധൈര്യവും എനിക്കും എന്റെ കുടുംബത്തിനും ഒരു ആശ്വാസമായിരുന്നു. ആ മഹാദുരന്തത്തെ അതിജീവിച്ച് സാധാരണഗതിയിലേക്കാവാൻ സമയം വേണ്ടി വന്നു. ഇനിയൊരു വെള്ളപ്പൊക്കത്തെ എങ്ങനെ നേരിടാം എന്ന് മനുഷ്യർ പഠിച്ചു കഴിഞ്ഞിരിക്കുന്നു.

ഭക്ഷണമായും മരുന്നായും കുടിവെള്ളം ആയും അധ്വാനം ആയും ഉത്തരവാദിത്വം കാണിക്കാൻ കേരള സമൂഹത്തിനായി. ലോകം അത് തിരിച്ചറിയുകയും ചെയ്തു. പോലീസും മത്സ്യത്തൊഴിലാളികളും ഭരണകൂടവും ജനങ്ങളും പ്രളയം തകർക്കാത്ത നാടായി കേരളത്തെ മാറ്റി അതിജീവനത്തിന് പുതിയ ചരിത്രമെഴുതുമ്പോൾ തിരുത്തലുകളോടെ മുന്നോട്ടുപോകാൻ കേരളത്തിന് കഴിയണം അതാകട്ടെ പ്രളയത്തിന്റെ ബാക്കിപത്രം.







# ഉയർച്ചയുടെ പടവുകൾ



■ **സുജ ബൈജു - *MFL***

പതിനാറ് വർഷത്തോളം ഞാൻ ഡൽഹിയിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നു. അവിടെ ജോലി ചെയ്യുമ്പോഴും സ്വന്തം നാട് എനിക്ക് എപ്പോഴും ഗൃഹാതുരത്വം ഉളവാക്കിയിരുന്നു. അതുകൊണ്ട് നാട്ടിൽ തന്നെ സ്ഥിര താമസമാക്കണമെന്ന ആഗ്രഹത്തോടു കൂടി ഞാൻ കേരളത്തിലേക്ക് മടങ്ങി വന്നു. അങ്ങിനെയിരിക്കുമ്പോഴാണ് മുളമൂട്ടിൽ ഫിനാൻസിയേഴ്സിന്റെ പുതിയ ഒരു ബ്രാഞ്ച് ഓപ്പൺ ചെയ്യുന്നതിനെ കുറിച്ച് അറിയാനിടയായത്. വീടിന് സമീപത്ത്, ഇത്രയും റെപ്യൂട്ടഡ് ആയിട്ടുള്ള ഒരു വലിയ സ്ഥാപനത്തിൽ ജോലി കിട്ടിയപ്പോൾ ഞാൻ അതിയായി സന്തോഷിച്ചു. ഈ നാട്ടിലെ ജനങ്ങൾ എനിക്ക് പരിചിതരായിരുന്നില്ല. പക്ഷെ ജനങ്ങളുമായി നല്ല ബന്ധം സ്ഥാപിച്ചെങ്കിൽ മാത്രമേ ഒരു ബിസിനസ് നല്ല രീതിയിൽ കൊണ്ടുപോകാൻ കഴിയൂ എന്ന് എനിക്ക് ബോധ്യമായി.അങ്ങനെ ഞാൻ അവരിലേക്ക് ഇറങ്ങി ചെല്ലുവാൻ തീരുമാനിച്ചു. കുട്ടനാട്ടിലെ ഭൂരിഭാഗം ജനങ്ങളും സാധാരണ ജീവിതം നയിക്കുന്നവരാണ്. അവർക്ക് വേണ്ടത്ര സ്നേഹവും പരിഗണനയും അതുപോലെ തന്നെ നമ്മളിൽ ഒരാളായി അവരെ കാണാൻ ശ്രമിക്കുകയും ചെയ്തതു കൊണ്ടാകാം 500 മീറ്റർ അകലെയായി നമ്മുടെ തന്നെ ഒരു സ്ഥാപനവും, അതു കൂടാതെ ബാങ്കുകളും, മറ്റ് നിരവധി ധനകാര്യ സ്ഥപനങ്ങളുണ്ടായിട്ടും ഞങ്ങളുടെ ശാഖയെ ഇത്രയും ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞത്. ഞങ്ങളുടെ അർപ്പണബോധത്തോടുള്ള സമീപനം കസ്റ്റമേഴ്സിന്റെ വിശ്വാസം പിടിച്ചു പറ്റുവാൻ സഹായിച്ചു. ഇന്ന് നമ്മുടെ മുളമുട്ടിൽ ഗ്രൂപ്പ് വളർച്ചയുടെ പുതിയ പാതയിലേക്ക് കാൽ വയ്പ് നടത്തിയിരിക്കുകയാണ്. ജനങ്ങൾക്കിടയിൽ നമ്മൾ നേടിയിരിക്കുന്ന വിശ്വാസമാണ് നമ്മുടെ ഉയർച്ചയുടെ നിദാനം. അത് എക്കാലവും സംരക്ഷിക്കപ്പെടുക തന്നെ ചെയ്യും. വളർച്ചയുടെ പടവുകൾ താണ്ടിക്കൊണ്ടിരിക്കുന്ന മുളമൂട്ടിൽ ഗ്രൂപ്പിലെ ഒരംഗമാകാൻ എനിക്ക് കഴിഞ്ഞതിൽ ഞാൻ അങ്ങേയറ്റം അഭിമാനം കൊള്ളുന്നു.



# ഭാഗ്യരാശിയായി മുളമൂട്ടിൽ ധനരാശി ബോണ്ട് പ്രവർത്തനമാരംഭിച്ചു



പതിറ്റാണ്ടുകളുടെ വിശ്വസ്തതയും മാതൃകാപരമായ സേവനപാരമ്പര്യവുമുള്ള മുളമൂട്ടിൽ ഗ്രൂപ്പിന്റെ സാമ്പത്തികസേവന സംരംഭങ്ങളുടെ കൂട്ടത്തിലേക്ക് മറ്റൊരു പൊൻതൂവലായി ധനരാശി ബോണ്ട് പ്രവർത്തനമാരംഭിച്ചു. മൂല്യങ്ങളിലധിഷ്ഠിതമായ പ്രവർത്തന ശൈലി മുഖമുദ്രയാക്കിയ മുളമൂട്ടിൽ ഗ്രൂപ്പിൻറെ ഈ ഉദ്യമം 10.85% വരെയുള്ള ആകർഷകമായ പലിശനിരക്കാണ് ഉപഭോക്താക്കൾക്ക് ഉറപ്പുനൽകുന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പൂർണ്ണ അംഗീകാരത്തോടെയും നിയമാനുസൃതമായി പ്രവർത്തിച്ചുകൊണ്ടും പരമാവധി ഉപഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാക്കുക എന്നതാണ് ധനരാശിയുടെ ലക്ഷ്യം. അറുപത് മാസത്തേക്കുള്ള നിശ്ചിത കാലാവധിയിലാണ് ധനരാശിയുടെ പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ DEMAT പ്രക്രിയക്ക് വിധേയമായി അതുല്യവും സംശയരഹിതവുമായ സുരക്ഷിതത്വവും ധനരാശി ബോണ്ട് ഉറപ്പു നൽകുന്നുണ്ട്. അതിനു പുറമെ നിക്ഷേപങ്ങൾക്കെല്ലാം കമ്പനി ആസ്തിയുടെ പൂർണ്ണ സുരക്ഷിതത്വവും വാഗ്ദാനം ചെയ്യുന്നതിലൂടെ വിശ്വസ്തതയെ ഊട്ടിയുറപ്പിക്കുന്നു. മാസത്തിലോ, വർഷത്തിലോ, കാലാവധി തികയുമ്പോഴോ പലിശയടക്കുന്നതിനുള്ള സൗകര്യങ്ങളും ധനരാശി ബോണ്ടിന്റെ പ്രത്യേകതയാണ്.

# ONLINE CHALLENGE



■ ***Lakshmy***

The dawn of the New Year 2020 has seen the outbreak of the global pandemic, Coronavirus or the Covid – 19. The world is on the brink of economic crisis. India along with many other countries is in the lockdown phase today, an initiative taken to straighten the curve and save our lives.

For educators like us, Covid-19 has brought many challenges. It made us rise to the challenge, analyse the situation, rethink our strategies which define our perspective. I had work from home experience from the IT sector I worked earlier, but this was something new to me. We know no amount of online instruction can replace the power and potential of student-teacher relationships and the learning that happens in that context.

I had to take an extra effort to keep my students engrossed with different tasks and had to learn and incorporate several apps, to ensure interactive learning. We had to make the students interested but also add some little fun ways of learning to keep them captivated and help them concentrate during the online classes.



But still, I miss my interactions with students and activities and competitions in school. I'm really looking forward to going back to school and getting back into the classroom. But I hope we'll all look back and take something from this time, which will shape the way we live our lives so that we all feel more grateful for what we have and what we do.

## RECIPE CORNER



### അമൃതം പൊടി കേക്ക്




■ റിനോ -MFL

ആദ്യം ഒരു കപ്പ് അമൃതംപൊടി, കാൽ ടീസ്പൂൺ സോഡാപ്പൊടി, ഒരു നുള്ള് ഉപ്പ് ഇവ മൂന്നും കൂടി യോജിപ്പിച്ച് ഒരു അരിപ്പയിൽ മൂന്നു തവണ അരിച്ചെടുക്കാം. അത് മാറ്റി വെച്ചശേഷം അര ഗ്ലാസ് പഞ്ചസാര അതിലേക്ക് ചേർത്ത് ഗ്രാമ്പൂ, ഏലക്ക എന്നിവ ഇട്ട് പൊടിച്ചെടുക്കാം. അതിൽ കാൽ ഗ്ലാസ് സൺ ഫ്ലവർ ഓയിൽ, ഒരു മുട്ട ഇവ ചേർത്ത് ഒന്നുകൂടി യോജിപ്പിക്കാം. എടുത്തു വച്ചിരിക്കുന്ന അമൃതംപൊടി കുറച്ചു വീതം ചേർത്ത് ഘട്ടം ഘട്ടമായി യോജിപ്പിക്കാം. അത് മാറ്റി വച്ച ശേഷം അടി കട്ടിയുള്ള ഒരു പാത്രം വെച്ച് ചൂടാക്കുക. ചൂടായശേഷം കേക്ക് ബേക്ക് ചെയ്യാനുള്ള പാത്രമെടുത്ത് അതിലേക്ക് നെയ്യ് പുരട്ടി കേക്കിന്റെ മാവ് ഒഴിച്ച് 25 – 30 മിനിറ്റ് വേവിക്കുക. രുചികരമായ അമൃതംപൊടി കേക്ക് തയ്യാർ. എന്തായാലും ഒന്നു പരീക്ഷിച്ചു നോക്കൂ.

## SUDOKU

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 3 | | | 7 | | | | |
| 6 | | | 1 | 9 | 5 | | | |
| | 9 | 8 | | | | | 6 | |
| 8 | | | | 6 | | | | 3 |
| 4 | | | 8 | | 3 | | | 1 |
| 7 | | | | 2 | | | | 6 |
| | 6 | | | | | 2 | 8 | |
| | | | 4 | 1 | 9 | | | 5 |
| | | | | 3 | | | 7 | 9 |



## TIPS ON SAVING

Keep track of your spending. If you know where your money is going it will be easier to make changes if you need to.

## POEM

### പാർശ്വ ദർശനം





■ ജിജി - MFL

തുടങ്ങണം പ്രാർത്ഥിച്ചോരോ ദിവസവും
പാലിക്കണം കൃത്യമായോരോ നിയമവും
പാഴാക്കീടല്ലേ സമയത്തെയൊരിക്കലും
കൃത്യത എപ്പോഴുമുണ്ടായിരിക്കേണം.
വന്ദിച്ചീടേണം നാമോരോരുത്തരെയും
യജമാനരാണവരെന്നോർക്കണം
ആരായണം അവർതൻ വിശേഷങ്ങളെല്ലാം
ഊഷ്മളമാക്കണം ബന്ധങ്ങളോരോന്നും.

എത്തീടുമിടപാടുകാരെയൊക്കെയും
വ്യക്തമായി ആധാറിലൂടെ കൃത്യമാകേണം
വിവരങ്ങളോരോന്നും
കൃത്യത വരുത്തി മുന്നോട്ടു പോകണം
ബോധ്യപ്പെടേണം വ്യാജനല്ലെന്നോരോന്നും
മാറ്റണം പാഴ് വസ്തുക്കളെയെല്ലാം
നോക്കേണമെല്ലാം കൃത്യമായിത്തന്നെ
തീർക്കണം സംശയമേതുമേയില്ലാതെ
പുസ്തകം കൃത്യമായി സൂക്ഷിച്ചിടേണം
കൈയൊപ്പ് ചാർത്തിയ രേഖകളാകണം
പാലിച്ചുവേണം ചെയ്യുവാനോരോന്നും.

മേലധികാരികൾ തൻ നിർദ്ദേശങ്ങളെ
സേവനം നൽകുന്ന നാമോരോരുത്തരും
സ്നേഹം ചൊരിയുന്ന പൂവാടിയാകണം
ചെയ്യുന്ന ജോലിതൻ മഹാത്മ്യം പേറണം
ചെയ്യരുതാത്തവ ദൂരെയകറ്റേണം
കർമ ഫലങ്ങളെനുഭവിച്ചീടുന്ന നാമീ
കർമം നൽകുമീ സ്നേഹത്തെയോർക്കേണം
കരുതണം സ്വന്തമായെന്നുമതിനെ നാം
പൊരുതണമതിനുന്നമനത്തിനായി
മറ്റുള്ളവർക്കെല്ലാം തണലേകീടേണം
നിൽക്കണം നാടിന്നഭിമാനമായെന്നും.





■ വി വി തോമസ് -MFL

### ഉറുമ്പിനെ കൊല്ലാൻ വിഷമുക്തമായ ഒരു എളുപ്പവഴി

നമ്മുടെയെല്ലാം വീടുകളിൽ ഉറുമ്പിന്റെ ശല്യം ഉണ്ട്. ഉറുമ്പിനെ ഒഴിവാക്കാൻ നമ്മൾ ഇപ്പോൾ വീടുകളിൽ ഉപയോഗിക്കുന്ന ലക്ഷ്മണരേഖ, ഹിറ്റ് മുതലായവ മാരകവിഷം ഉള്ളതും പാർശ്വഫലങ്ങൾ ഉള്ളതും ആണ്. താഴെപ്പറയുന്ന സാധനങ്ങൾ ഉപയോഗിച്ച് ഉറുമ്പുകളെ പൂർണമായും ഒഴിവാക്കാവുന്നതാണ്. മൂന്ന് ടേബിൾ സ്പൂൺ വിനാഗിരിയും ഒരു ടേബിൾ സ്പൂൺ സോപ്പുപൊടിയും മിക്സ് ചെയ്തു അതു ഉറുമ്പിന്റെ ശല്യം ഉള്ള മാർഗ്ഗങ്ങളിൽ തളിക്കുക. ഉറുമ്പുകൾ തൽക്ഷണം നശിച്ചുപോകുന്നു. വീടുകളിൽ ഈ മാർഗ്ഗം ഒന്ന് പരീക്ഷിച്ചു നോക്കൂ ഫലം 100% ഉറപ്പ്.

| | | | | | |
|---|---|---|---|---|---|
| 1 | 2 | | 3 | | 4 |
| 5 | | ■ | | ■ | |
| | ■ | 6 | | | |
| 7 | 8 | | | ■ | |
| ■ | 9 | | ■ | 10 | |
| 11 | | | | | |

ACROSS

1. Made of a very precious metal
5. Article
6. Not sweet
7. At any time
9. That is (abbr.)
10. Therefore
11. Opening in a wall to let in light and air

DOWN

1. Opening in a wall or fence for a passageway
2. Upon; above and supported by
3. Entrance to a room or building
4. Not wide
6. Observed
8. Seven (Roman numerals)
10. Thus